കണ്ണൂർ സർവ്വകലാശാല

(ഡി ഒ എ )

ഡി ഒ എ /A3/51/2025 കണ്ണൂർ,തീയതി: 31.07.2025

**പ്രസിദ്ധീകരണത്തിന്**

**അഫിലിയേറ്റഡ് ഗവൺമെന്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിട്യൂഷൻസ്/ സെൽഫ് ഫിനാൻസിങ് കോളേജുകളിലെ പി. ജി. പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ**

കണ്ണൂർ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിട്യൂഷൻസ്/സെൽഫ് ഫിനാൻസിങ് കോളേജുകളിലെ പി. ജി. പ്രോഗ്രാമുകളിലേക്ക് SC/ST വിഭാഗത്തിലുൾപ്പെടെയുള്ള എല്ലാ ഒഴിവുകളിലേക്കുമുള്ള സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്നതിന് 2025 ഓഗസ്റ്റ് 1 മുതൽ ഓഗസ്റ്റ് 4 വരെ വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**വിദ്യാർത്ഥികൾ സ്പോട്ട് അഡ്മിഷന് വേണ്ടി അപേക്ഷകൾ അതത് കോളേജുകളിൽ നേരിട്ട് ഹാജരാക്കുകയോ, ഇ മെയിൽ അയക്കുകയോ ചെയ്യേണ്ടതില്ല.**

അപേക്ഷകർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയിൽ നിലവിൽ ഓപ്ഷനുകളൊന്നും ഉണ്ടാവുകയില്ല. അപേക്ഷകർ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്നതിനായി ആവശ്യമായ ഓപ്ഷനുകൾ (പരമാവധി 5 എണ്ണം) ഉൾപ്പെടുത്തേണ്ടതാണ്. നേരത്തെ അലോട്ട്മെന്റ് ലഭിച്ചവർ (കോളേജുകളിൽ താത്കാലികമായോ സ്ഥിരമായോ പ്രവേശനം നേടിയവർ, അലോട്ട്മെന്റിൽ നിന്നും പുറത്തായവർ എന്നിവരുൾപ്പെടെ) സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്നതിനായി പ്രൊഫൈലിൽ ലോഗിൻ ചെയ്ത് 200/- രൂപ കറക്ഷൻ ഫീ ഒടുക്കേണ്ടതാണ്. കറക്ഷൻ ഫീസിനത്തിൽ 200/- രൂപ ഒരു തവണ ഒടുക്കിയിട്ടുള്ളവർക്കും, ഇത് വരെ അലോട്ട്മെന്റുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തവർക്കും, പുതുതായി രജിസ്റ്റർ ചെയ്യുന്നവർക്കും കറക്ഷൻ ഫീസൊടുക്കാതെ തന്നെ ഓപ്ഷനുകൾ ഉൾപ്പെടുത്തി സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും പ്രൊഫൈലിൽ ലോഗിൻ ചെയ്ത് നിർബന്ധമായും ഓപ്ഷനുകൾ തിരഞ്ഞെടുക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം സ്പോട്ട് അഡ്മിഷനിൽ ഉൾപ്പെടുന്നതായിരിക്കില്ല.

സംവരണ വിഭാഗത്തിൽപ്പെട്ടവർ ഇൻഡക്സ് മാർക്കിന്റെ അടിസ്ഥാനത്തിൽ ജനറൽ കാറ്റഗറിയിലേക്ക് മാറാൻ സാധ്യതയുള്ളതിനാൽ ജനറൽ കാറ്റഗറിയിൽ ഉള്ള ഒഴിവുകളുടെ എണ്ണത്തിൽ കുറവ് വരാൻ സാധ്യതയുണ്ട്.

ഗവൺമെന്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിട്യൂഷൻസ്/ സെൽഫ് ഫിനാൻസിങ് കോളേജുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നടക്കുന്നത് ഓഗസ്റ്റ് 5 മുതൽ ഓഗസ്റ്റ് 7 വരെയാണ്. സ്പോട്ട് അഡ്മിഷനിൽ പ്രവേശനത്തിന് അർഹരായവരെ കോളേജ് അധികാരികൾ അപേക്ഷയിൽ നൽകിയിരിക്കുന്ന ഫോൺ നമ്പർ മുഖേന ബന്ധപ്പെടുന്നതായിരിക്കും. ഇതിനകം പ്രവേശനം ലഭിച്ച അപേക്ഷകർ, സ്പോട്ട് അഡ്മിഷൻ ലഭിച്ച കോളേജുകളിൽ പ്രവേശനത്തിന് ഹാജരായി പ്രവേശനം

ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ മുൻപ് പ്രവേശനം ലഭിച്ച കോളേജിൽ നിന്ന് ടി. സി. വാങ്ങേണ്ടതുള്ളൂ.

സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച തിയ്യതികളറിയുവാൻ വെബ്സൈറ്റിൽ നൽകിയിട്ടുള്ള സർവകലാശാലയുടെ 2025 - 26 അധ്യയനവർഷത്തെ പി. ജി. പ്രവേശനത്തിന്റെ ഷെഡ്യൂൾ പരിശോധിക്കുക.

ഹെൽപ്പ് ലൈൻ നമ്പർ: 7356948230, 04972715227
ഇ-മെയിൽ ഐഡി : pgdoa@ kannuruniv.ac.in
വെബ്സൈറ്റ് : https://admissions.kannuruniversity.ac.in

ഒപ്പ്/-
Deputy Registrar (DOA)
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. പി. ആർ. ഓ.
2. ഐ. ടി. ഡയറക്ടർ
3. വെബ് മാനേജർ
4. അന്വേഷണ വിഭാഗം

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ